**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 798** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽ നിലവിൽ എത്ര കോടി രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്; 2021-22 മുതൽ ഓരോ സാമ്പത്തിക വർഷവുമുള്ള പ്രസ്തുത സൊസൈറ്റിയിലെ സ്ഥിരനിക്ഷേപത്തിന്റെ കണക്ക് വ്യക്തമാക്കുമോ; | (എ) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽ നിലവിൽ 24,08,98,37,590/- രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 20,15,14,32,548/- രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 22,83,88,77,288/- രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 24,09,09,02,803/- രൂപയും സ്ഥിര നിക്ഷേപമായി ഉണ്ടായിരുന്നു. |
| (ബി) | ഊരാളുങ്കൽ സൊസൈറ്റി സ്ഥിര നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്ക് എത്രയാണ്; പ്രസ്തുത സൊസൈറ്റിക്ക് സ്ഥിര നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക് നൽകുവാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിലവിൽ 8.75% പലിശ നിരക്കിലും മുതിർന്ന പൗരന്മാർക്ക് 9.25% പലിശ നിരക്കിലുമാണ് നിക്ഷേപങ്ങൾ സ്വീകരിച്ച് പോരുന്നത്. ടി സൊസൈറ്റി സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക് നൽകുവാൻ 20.07.2023 ലെ സ.ഉ(സാധാ)നം.434/2023/സഹ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957 ന് പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് 1% അധിക പലിശ നിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിന് നൽകിയ അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (പി.എസ്) വകുപ്പ്

സ.ഉ.(സാധാ) നം.434/2023/Co-Op തീയതി,തിരുവനന്തപുരം, 20-07-2023

---

പരാമർശം:-
1. 11.06.2020 ലെ സ.ഉ(സാധാ)നം.254/2020/സഹ.
2. 22.06.2021 ലെ സ.ഉ.(സാധാ)നം.359/2021/സഹ.
3. 30.04.2022 ലെ സ.ഉ.(സാധാ)നം.290/2022/സഹ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 13.06.2023 ലെ ആർ.സി.എസ്/3218/2023 എം.റ്റി-1 നമ്പർ കത്ത്.

ഉത്തരവ്

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957 ന് പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് 1% അധിക പലിശ നിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം നൽകിയ അനുമതിയുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം ദീർഘിപ്പിച്ച നൽകിയ അനുമതിയുടെ കാലാവധി 31.03.2023 ന് അവസാനിച്ച സാഹചര്യത്തിൽ ആയത് 01.04.2023 മുതൽ 31.03.2024 വരെ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അനുമതിക്കായി സംഘം ഭരണസമിതി തീരുമാനമെടുത്ത് കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നുവെന്നും സംഘം ഏറ്റെടുത്ത് നടത്തുന്ന വിവിധ പ്രവർത്തികൾക്ക് ആവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് സംഘത്തിന്റെ നിയമാവലി വ്യവസ്ഥ 16 പ്രകാരം വ്യവസ്ഥയുണ്ടെന്നും സംഘം നിലവിൽ ഏറ്റെടുത്തിട്ടുള്ള സർക്കാരിന്റെ വിവിധ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തികളും, പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി എന്നിവയുടെ പ്രവർത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രവർത്തനമൂലധനം ആവശ്യമാണെന്നും, മൂലധന സ്വരൂപണത്തിന് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ക്യാഷ് ക്രെഡിറ്റ് സൗകര്യം

മാത്രം ആശ്രയിച്ചാൽ പ്രവർത്തികൾ സമയബന്ധിതമായി തീർപ്പാക്കുവാൻ കഴിയില്ലായെന്നും സംഘത്തിൽ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് സ്ഥിരനിക്ഷേപം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ടെന്നും സംഘം 4.08 കോടി രൂപ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നും സംഘം നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗത്വം എടുത്തിട്ടുണ്ടെന്നും സംഘത്തിൽ മതിയായ തരളധനം സൂക്ഷിച്ച് വരുന്നുണ്ടെങ്കിലും പ്രവർത്തികൾ ഏറ്റെടുത്ത വകയിൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുവാനുള്ള തുകയുടെ 20% വും കേരള ബാങ്ക് കൺസോർഷ്യവും പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം എന്നിവിടങ്ങളിലെ വായ്പകളും കൂടി ഉൾപ്പെടുത്തിയാണ് സംഘം തരളധനം സൂക്ഷിച്ചിരിക്കുന്നതെന്നും എന്നാൽ കൺസോർഷ്യം വായ്പകൾ അടിയന്തര ഘട്ടങ്ങളിൽ സംഘത്തിന് ലഭിക്കുകയില്ലെന്നും ഏറ്റെടുത്ത നിർമ്മാണ പ്രവർത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കുവാൻ ആവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി 1% അധിക നിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിന് അനുമതിയ്ക്കായി സംഘം അപേക്ഷിച്ചിരിക്കുന്നുവെന്നും മേൽ സാഹചര്യത്തിൽ, നിക്ഷേപം സ്വീകരിക്കുന്ന സംഘങ്ങൾ നിയമാനുസൃതം സൂക്ഷിക്കേണ്ട തരളധനം സംഘത്തിൽ സൂക്ഷിക്കണമെന്നുള്ള വ്യവസ്ഥയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തിന് അധികമായി ഒരു ശതമാനം (1%) പലിശ നിരക്കിൽ സ്ഥിര നിക്ഷേപം സ്വീകരിക്കുവാനുള്ള സർക്കാർ അനുമതി ഉത്തരവിന്റെ കാലാവധി 01.04.2023 മുതൽ 31.03.2024 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (4) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, നിക്ഷേപം സ്വീകരിക്കുന്ന സംഘങ്ങൾ നിയമാനുസൃതം സൂക്ഷിക്കേണ്ട തരളധനം സംഘത്തിൽ സൂക്ഷിക്കണമെന്നുള്ള വ്യവസ്ഥയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957 ന് ഏറ്റെടുത്ത നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തിന് അധികമായി ഒരു ശതമാനം (1%) പലിശ നിരക്കിൽ സ്ഥിരനിക്ഷേപം സ്വീകരിക്കുന്നതിന് പരാമർശം (3) പ്രകാരം ദീർഘിപ്പിച്ച് നൽകിയ അനുമതിയുടെ കാലാവധി 01.04.2023 മുതൽ 31.03.2024 വരെ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJI K
അണ്ടർ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ [(എ&ഇ), ആഡിറ്റ്], കേരള, തിരുവനന്തപുരം
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോഴിക്കോട്.
മാനേജിംഗ് ഡയറക്ടർ, ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957, മടപ്പള്ളി കോളേജ് പി.ഒ., വടകര, കോഴിക്കോട് - 673 102.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Dr Usha Kumari A
Date: 20-07-2023 14:48:55
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.
സഹകരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.

സെക്ഷൻ ഓഫീസർ